LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രമാണ് ഇത്തരത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് താമസം നേരിടുന്നത്. പോസ്റ്റ്മോർട്ടം കഴിഞ്ഞശേഷം റിപ്പോർട്ട് ടൈപ്പ് ചെയ്തെടുക്കാനുള്ള കാലതാമസംമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) രാസപരിശോധനയുടെ വേഗതയും കൃത്യതയും വർദ്ധിപ്പിക്കുന്നതിന് ആധുനിക ശാസ്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും ആവശ്യമായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അന്വേഷണ ഉദ്യോഗസ്ഥരുടെ മുൻഗണന കത്ത് ലഭിക്കുന്ന കേസ്സുകൾ ഉടനെ പരിശോധിച്ച് റിപ്പോർട്ട് നൽകിവരുന്നു.

(ഡി) 2014 ഏപ്രിൽ 3-ാം തീയതി ലഭിച്ച കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 2220/13 എന്ന കേസ്സിന്റെ സാമ്പിൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

33 (8093) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്രണ്ട് തന്നെ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതും മെഡിക്കൽ കോളേജിലെ രോഗികളിൽനിന്ന് പണം വീട്ടിൽ എത്തിക്കാൻ ആവശ്യപ്പെടുന്നതായും വന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ പ്രാക്ടീസ് നടത്തി എന്ന് ബോദ്ധ്യപ്പെട്ട ഡോക്ടർമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. കെ. മോഹൻദാസ് സ്വകാര്യ പ്രാക്ടീസ് നടത്തി രോഗികളിൽ നിന്നും പണം വാങ്ങിയെന്ന വാർത്തയെ തുടർന്ന് അദ്ദേഹത്തെ 9-7-2014-ലെ സ.ഉ.(സാധാ) നമ്പർ 2345/2014/ആകവ ഉത്തരവ് പ്രകാരം സൂപ്രണ്ടിന്റെ ചുമതലകളിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി യിട്ടുണ്ട്.

അംഗീകൃത ബ്ലഡ് ബാങ്കുകൾ

34 (8094) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത ബ്ലഡ് ബാങ്കുകളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ബ്ലഡ് ബാങ്കുകൾ രക്തം സ്വീകരിക്കുന്നതിന് മുമ്പായി എന്തൊക്കെ ടെസ്റ്റുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ബ്ലഡ് ബാങ്കുകളിൽനിന്ന് ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് സൗജന്യമായി രക്തം നൽകുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 168 അംഗീകൃത ബ്ലഡ് ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഡോണർ ഫിറ്റ്നസ് ടെസ്റ്റാണ് ആദ്യമായി നടത്തുന്നത്. ദാതാവിന്റെ രോഗവിവരങ്ങൾ, നേരത്തെ രക്തം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം, രക്തംവഴിപകരുന്ന രോഗങ്ങളുണ്ടെങ്കിൽ അതിന്റെ സാധ്യത എന്നിവ രക്തം സ്വീകരിക്കുന്നതിനുമുമ്പ് ആരായാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly